# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1188 — 12.03.2015- ൽ മറുപടിക്ക്

## ഓൺലൈൻ റവന്യൂ സർട്ടിഫിക്കറ്റുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>" ബെന്നി ബെഹനാൻ<br>" വർക്കല കഹാർ<br>" വി. ഡി. സതീശൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | എ) | ഉണ്ട്. |
| ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈൻ വഴി ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | ബി) | റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇപ്പോൾ ഓൺലൈൻ വഴി നൽകി വരുന്നുണ്ട്. |

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്.
4. ബന്ധുത്വ സർട്ടിഫിക്കറ്റ്.
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
6. ഡോമിസൈൽ സർട്ടിഫിക്കറ്റ്.
7. വരുമാന സർട്ടിഫിക്കറ്റ്.
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്.
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്.
11. സോൾവെൻസി സർട്ടിഫിക്കറ്റ്.
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്.
13. കൺവെർഷൻ സർട്ടിഫിക്കറ്റ്.
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്.
15. അഗതി സർട്ടിഫിക്കറ്റ്.
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്.
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്.
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്.
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്.
21. പൊസഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്.
22. വാല്യേഷൻ സർട്ടിഫിക്കറ്റ്.

23. വിധവ/ വിഭാര്യൻ സർട്ടിഫിക്കറ്റ്.
24. മൈനോറിറ്റി സർട്ടിഫിക്കറ്റ്.

സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

സി) റവന്യൂ വകുപ്പ് കൂടാതെ കേരള സ്റ്റേറ്റ് ഐ. റ്റി. മിഷൻ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ. ഐ. സി), അക്ഷയസെന്ററുകൾ എന്നീ ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്.

ഡി) പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

ഡി) G. O. (P) No. 24/2010/ ITD തീയതി 04.08.2010 പ്രകാരം ഓൺ ലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്.

ഇ) പ്രസ്തുത സൗകര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ എന്ന് വിശദമാക്കുമോ?

ഇ) അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ